(ഇ) കമ്പനിക്കു വേണ്ടി ബി.ഐ.എഫ്.ആർ-ന് മുന്നിൽ ആരാണ് പ്രതിനിധീകരിച്ചിരിക്കുന്നത്;

(എഫ്) പുന:രുദ്ധാരണത്തിനായി ബി.ഐ.എഫ്.ആർ.മുമ്പാകെ എന്തു നിർദ്ദേശമാണ് മാനേജ്മെന്റ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) ബി.ഐ.എഫ്.ആർ. ഉത്തരവിനെതിരെ അപ്പീൽ പോകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കെൽട്രോൺ റെക്ടിഫയേഴ്സ് അടച്ചുപൂട്ടാതിരിക്കുവാനുള്ള കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കാനും 2000 ജൂലൈ 23-നകം ബന്ധപ്പെട്ട തെളിവുസഹിതം സമർപ്പിക്കുവാനും ബി.ഐ.എഫ്.ആർ. ഉത്തര വിട്ടിട്ടുണ്ട്.

(സി) 1992-ൽ ആണ് ഈ സ്ഥാപനം ബി.ഐ.എഫ്.ആർ-ൽ റഫർ ചെയ്തത്.

(ഡി)&(ഇ) ബി.ഐ.എഫ്.ആർ-ന്റെ പത്തു സിറ്റിംഗുകൾ നടന്നു. വിശ ദവിവരം താഴെ കൊടുക്കുന്നു.

സ്ഥലം	തീയതി	കമ്പനി പ്രതിനിധി
1. ന്യൂഡൽഹി	30.09.1992	ജനറൽ മാനേജർ
2. ന്യൂഡൽഹി	12.11.1993	ചീഫ് എക്സിക്യൂട്ടീവ്
3. ന്യൂഡൽഹി	22.04.1994	ചീഫ് എക്സിക്യൂട്ടീവ്
4. ന്യൂഡൽഹി	18.07.1994	ചീഫ് എക്സിക്യൂട്ടീവ്
5. ന്യൂഡൽഹി	20.12.1994	ചീഫ് എക്സിക്യൂട്ടീവ്
6. ന്യൂഡൽഹി	08.05.1995	ചീഫ് എക്സിക്യൂട്ടീവ്
7. ഗവ: ഗസ്റ്റ്ഹൗസ് കോവളം	14.08.1996	മാനേജിംഗ് ഡയറക്ടർ
8. ന്യൂഡൽഹി	15.10.1996	മാനേജിംഗ് ഡയറക്ടർ
9. ന്യൂഡൽഹി	21.05.1997	മാനേജിംഗ് ഡയറക്ടർ
10. ന്യൂഡൽഹി	05.11.1999	ചീഫ് എക്സിക്യൂട്ടീവ്

(എഫ്) ബി.ഐ.എഫ്.ആർ-ന് സമർപ്പിക്കുന്നതിലേക്കായി 389.12 ലക്ഷം രൂപയുടെ ഒരു പുതുക്കിയ പുന:രുദ്ധാരണ പദ്ധതി കമ്പനി സർക്കാ രിനു സമർപ്പിച്ചിട്ടുണ്ട്. ബി.ഐ.എഫ്.ആർ-ന്റെ അടുത്ത സിറ്റിംഗിൽ പദ്ധ തിക്ക് അംഗീകാരം നേടുന്നതിന് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ജി) ആവശ്യം വരുമ്പോൾ പരിശോധിക്കുന്നതായിരിക്കും.

24 (548) എണ്ണയാട്ടു മില്ലുകൾ

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: 1172/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊപ്രയാട്ടി എണ്ണയാക്കുന്ന വ്യവസായത്തിലേർപ്പെട്ടിട്ടുള്ള എത്ര എണ്ണയാട്ടുമില്ലുകൾ ഇപ്പോൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര എണ്ണയാട്ടു മില്ലുകൾ ഉണ്ടായിരുന്നു;

(സി) കേരഫെഡിന്റെ കൊപ്രയാട്ടുന്നതിനുള്ള മില്ലിന്റെ സ്ഥാപിത ശേഷി എത്രയാണ്;

(ഡി) അവിടെ ശരാശരി എത്ര വെളിച്ചെണ്ണ ദിനംപ്രതി ആട്ടി എടുക്കുന്നുണ്ട്;

(ഇ) ഈ മില്ലിന്റെ സ്ഥാപിത ശേഷി മുഴുവൻ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കേരഫെഡിന്റെ കരുനാഗപ്പള്ളി കൊപ്രയാട്ടു മില്ലിന്റെ സ്ഥാപിതശേഷി ദിനംപ്രതി 200 മെട്രിക് ടൺ (കൊപ്ര) ആണ്.

(ഡി) ദിനംപ്രതി ശരാശരി 22 മെട്രിക് ടൺ വെളിച്ചെണ്ണ ആട്ടിയെടുക്കുന്നുണ്ട്.

(ഇ) ഈ മില്ലിന്റെ സ്ഥാപിതശേഷി മുഴുവൻ ഉപയോഗിക്കുന്നില്ല. സ്ഥാപിതശേഷിയുടെ ഉപയോഗം വെളിച്ചെണ്ണയുടെ വിപണിയും കൊപ്രയുടെ ലഭ്യതയും ആശ്രയിച്ചാണിരിക്കുന്നത്.

25 (549) വ്യവസായപാർക്ക് ആരംഭിക്കുന്നതിന് നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് വേണ്ടിവരുന്ന സ്ഥലം പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ;

(സി) ഈ വർഷത്തിൽത്തന്നെ വ്യവസായപാർക്ക് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ആറൻമുള നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ച സ്ഥലം സിഡ്കോയിലെ എഞ്ചിനീയർമാർ പരിശോധിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം വില കൊടുത്ത് വാങ്ങേണ്ടതിനാൽ തൽക്കാലം അത് ഏറ്റെടുക്കാൻ സിഡ്കോയ്ക്ക് നിവൃത്തിയില്ല.

(സി) സൗജന്യമായി സ്ഥലം ലഭ്യമായാൽ ഈ വർഷം തന്നെ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly